പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5936 30/07/2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ മേഖലയിൽ ചെലവഴിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>(തൃക്കരിപ്പൂർ) | | ശ്രീമതി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലയിൽ എത്ര കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത് ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി പട്ടിക വർഗ്ഗ വികസന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റൂറൽ ഡെവലപ്പ് മെന്റ് വകുപ്പ് മുഖേന 1328.45 കോടി രൂപ അനുവദിച്ചതിൽ 1093.95 കോടി രൂപ (82.35%) ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കി.<br>അതിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 1123.43 കോടി രൂപ പദ്ധതി വിഹിതമായി ലഭിച്ചതിൽ 1048.32 കോടി രൂപ ചെലവഴിച്ചു.<br>2015-16 സാമ്പത്തിക വർഷം 561.14 കോടി രൂപ അനുവദിച്ചതിൽ 23.12 കോടി രൂപ ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പട്ടിക വർഗ്ഗ കോളനികളിലെ വികസനത്തിനായി ഇതിൽ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; | (ബി) | പട്ടികവർഗ്ഗ വികസനവകുപ്പ്, കോളനികളിലെ വികസനത്തിനായി 1048.32 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | കോളനികളിൽ എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട് ? | (സി) | 2011-12 മുതൽ നാളിതുവരെ 11810.84 ലക്ഷം രൂപ 35443 ഭവനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ